# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 908 — 09/8/2017 -ലെ മറുപടി

## മാവേലിക്കര കുറത്തികാട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാജേഷ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര കുറത്തികാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) മാവേലിക്കര കുറത്തികാട് എന്നീ പ്രദേശങ്ങൾപ്പെടുന്ന കുടിവെള്ള പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉള്ളതാണ്. ഇതിൽ ഇൻടേക്ക് വെൽ, റോ വാട്ടർ പമ്പ് സെറ്റ്, റോ വാട്ടർ പമ്പിങ് മെയിൻ, ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവയുടെ പണി പൂർത്തീകരിച്ചു. ക്ലിയർ വാട്ടർ പമ്പിങ് മെയിൻ പ്രായിക്കര പാലത്തിന് സമാന്തരമായുള്ള ലൈൻ കല്ലുമല റെയിൽവേ പാലത്തിന് സമാന്തരമായുള്ള ലൈൻ അടക്കം 500 മീറ്ററോളം വരുന്ന ഗ്യാപ്പുകൾ ഒഴിച്ച് ബാക്കി പൂർത്തീകരിച്ചു. കുറത്തിക്കാട് ഉന്നതതല ജലസംഭരണിയുടെ വെർട്ടിക്കൽ കണക്ഷൻ ഒഴികെയുള്ള ബാക്കി പണികൾ പൂർത്തീകരിച്ചു. ജലശുദ്ധീകരണശാലയോടനുബന്ധിച്ച് 400 KVA ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതുണ്ട്. റെയിൽവേ പാലത്തിന് സമാന്തരമായി ബ്രിഡ്ജ് പണിയുന്നതിനുള്ള ഡിസൈൻ സമർപ്പിക്കുവാൻ റെയിൽവേ ആവശ്യപ്പെട്ടിരിക്കുകയാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ ബ്രിഡ്ജ് പണിയുന്നതിനുള്ള ഡിസൈൻ തയ്യാറാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്കു റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; | (ബി) ലഭ്യമായിട്ടില്ല. |

JSK/

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) & (ഡി) | പൈപ്പ് ലൈൻ ബ്രിഡ്ജിന്റെ ഡിസൈൻ സമർപ്പിക്കുവാനായി റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കേരള വാട്ടർ അതോറിറ്റി ഡിസൈൻ തയ്യാറാക്കി വരുന്നു. തുടർന്ന് റെയിൽവേ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതി ഈ സാമ്പത്തികവർഷം ആരംഭിക്കുവാൻ കഴിയുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ